**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2191** **30-07-2021 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട്, പല്ലാരിമംഗലം അടക്കമുള്ള പഞ്ചായത്തുകളിലും കോതമംഗലം മുനിസിപ്പാലിറ്റിയിലെ വിവിധ പ്രദേശങ്ങളിലും വേനൽക്കാലത്തുണ്ടാകുന്ന കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുവാൻ വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള ആവോലിച്ചാൽ വില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള നേര്യമംഗലം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനോട് ചേർന്ന് പമ്പ് ഹൗസ് സ്ഥാപിച്ച് 50 എച്ച്.പി മോട്ടോർ ഉപയോഗിച്ച് ജലം പമ്പ് ചെയ്ത് പൈപ്പിലൂടെ 1.50 കി.മീ. ദൂരം എത്തിച്ച ശേഷം നിലവിലുള്ള പേരക്കുത്ത് തോടിലൂടെയും കോത മംഗലം പുഴയിലൂടെയും ഒഴുക്കി കോഴിപ്പിള്ളി പമ്പ് ഹൗസിൽ എത്തിക്കുന്നതായിരുന്നു ആവോലിച്ചാൽ പദ്ധതി. എന്നാൽ പിന്നീട് പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് മുഖാന്തിരം കോതമംഗലം പുഴയിൽ ആവശ്യത്തിന് വെള്ളം ലഭിച്ചതിനാൽ തുടക്കത്തിൽ തന്നെ ടി പദ്ധതി ഉപേക്ഷിക്കുക യാണുണ്ടായത്. നിലവിൽ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണത്തിനായി 10.70 കോടി രൂപയുടെ ഡി.പി.ആർ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ പുനർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി യഥാക്രമം 3.86, 4.65, 1.04 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്രവൃത്തി കൾക്ക്യഥാക്രമം 3.57, 4.65, 1.00 കോടി രൂപയും കെ.എസ്.ഇ.ബി. ചാർജ്ജ് ആയ 4.00 ലക്ഷം രൂപയും ജി.എസ്.റ്റി ഉൾപ്പെടെ 10.70 കോടി രൂപയുടെ ഡി.പി.ആർ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പദ്ധതിയുടെ അടങ്കൽ തുക 10 കോടി രൂപയ്ക്കു മുകളിൽ ആയതിനാൽ സ്പെഷ്യൽ വർക്കിങ്ങ് | (സി) | ഉണ്ട്.പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്രവൃത്തി കൾക്ക്യഥാക്രമം 3.57, 4.65, 1.00 കോടി രൂപയും |

| | | | |
|---|---|---|---|
| | ഗ്രൂപ്പിന്റെ അനുമതിയ്ക്കായി പ്രൊപ്പോസൽ പുനഃസമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | കെ.എസ്.ഇ.ബി. ചാർജ്ജ് ആയ 4.00 ലക്ഷം രൂപയും ജി.എസ്.റ്റി ഉൾപ്പെടെ 10.70 കോടി രൂപയുടെ ഡി.പി.ആർ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | സ്പെഷ്യൽ വർക്കിങ്ങ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി പദ്ധതി പുനഃസമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (ഡി) | ഉണ്ട്. പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്രവൃത്തി കൾക്ക്യഥാക്രമം 3.57, 4.65, 1.00 കോടി രൂപയും കെ.എസ്.ഇ.ബി. ചാർജ്ജ് ആയ 4.00 ലക്ഷം രൂപയും ജി.എസ്.റ്റി ഉൾപ്പെടെ 10.70 കോടി രൂപയുടെ ഡി.പി.ആർ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പുനഃസമർപ്പിച്ചിട്ടില്ലെങ്കിൽ ആയതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഇ) | പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്രവൃത്തി കൾക്ക്യഥാക്രമം 3.57, 4.65, 1.00 കോടി രൂപയും കെ.എസ്.ഇ.ബി. ചാർജ്ജ് ആയ 4.00 ലക്ഷം രൂപയും ജി.എസ്.റ്റി ഉൾപ്പെടെ 10.70 കോടി രൂപയുടെ ഡി.പി.ആർ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | സ്പെഷ്യൽ വർക്കിങ്ങ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും അടിയന്തരമായി ലഭ്യമാക്കി, തീരുമാനമെടുത്ത് പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്രവൃത്തി കൾക്ക്യഥാക്രമം 3.57, 4.65, 1.00 കോടി രൂപയും കെ.എസ്.ഇ.ബി. ചാർജ്ജ് ആയ 4.00 ലക്ഷം രൂപയും ജി.എസ്.റ്റി ഉൾപ്പെടെ 10.70 കോടി രൂപയുടെ ഡി.പി.ആർ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ